# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63 — 12.06.2013-ൽ മറുപടിക്ക്

### കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കെ. എ. എസ്. എച്ച്) പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് :<br>,, എ. റ്റി. ജോർജ് :<br>,, കെ. മുരളീധരൻ :<br>,, കെ. ശിവദാസൻ നായർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കെ. എ. എസ്. എച്ച്) പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ എല്ലാ ജില്ലകളിലെയും 2 പി.എച്ച്.സി, 2 സി.എച്ച്.സി, 1 ആശുപത്രി എന്നിവ തിരഞ്ഞെടുത്തിരുന്നു. തുടർന്ന് മറ്റു വലിയ ആശുപത്രികളും സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി.<br>എൻ.ആർ.എച്ച്.എം-ന്റെ 2013-14 വർഷത്തെ പദ്ധതി രേഖയിൽ കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് ഉൾപ്പെടുത്തി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് പദ്ധതി നടപ്പാക്കുന്നതിലൂടെ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളും സേവന നിലവാരവും മെച്ചപ്പെടുത്തുകയും രോഗികൾക്ക് ഉയർന്ന നിലവാരത്തിലുള്ള ചികിത്സ നൽകുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യ ലക്ഷ്യം. ഈ പദ്ധതിയുടെ ഭാഗമായി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.<br>1. രോഗികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നു<br>2. ശരിയായ രീതിയിലുള്ള അണുബാധ നിയന്ത്രണ സംവിധാനം നടപ്പിലാക്കി വരുന്നു.<br>3. ഗുണമേന്മയുള്ള മരുന്നുകൾ നൽകുന്നതിനും അതിന്റെ വിതരണ രീതിയിലും സുരക്ഷിതത്വം ഉറപ്പുവരുത്തി വരുന്നു. |

4. ആശുപത്രികളിൽ അറ്റകുറ്റ പണികൾ നടത്തുകയും ആശുപത്രി കെട്ടിടങ്ങൾ നവീകരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു.
5. എല്ലാ രോഗികൾക്കും തുല്യ അവകാശത്തോടു കൂടിയ ചികിത്സാ സംവിധാനം ഉറപ്പുവരുത്തി വരുന്നു.
6. കേടായ ഉപകരണങ്ങൾ നന്നാക്കി.
7. ബയോമെഡിക്കൽ മാലിന്യങ്ങൾ കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നിർമാർജ്ജനം ചെയ്തു.
8. വീൽചെയറുകളും, ട്രോളി തുടങ്ങിയവയും രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കി.
9. അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു.
10. രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിച്ചു.
11. ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നു.
12. രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽനടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (സി) സാധാരണക്കാരായ രോഗികൾക്ക് മികച്ച നിലവാരത്തിലുള്ള ചികിൽസ ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്ന് വിശദമാക്കുമോ ; | (സി) പദ്ധതി പ്രകാരം രോഗികൾക്ക് ശരിയായ രീതിയിലുള്ള ചികിത്സാ സൗകര്യം സമയബന്ധിതമായി ആവിഷ്കരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ആശുപത്രിയുടെ ഒരു പൂർണ്ണ വിവരം അടങ്ങുന്ന മാർഗ്ഗദർശികൾ സ്ഥാപിച്ചു. ഗുണനിലവാരം ഉള്ള ലബോറട്ടറി സൗകര്യങ്ങൾ നടപ്പാക്കി വരുന്നു. ശരിയായ രീതിയിലുള്ള രോഗീ പരിചരണം, മരുന്നു വിതരണം, അണുബാധ നിയന്ത്രണ സംവിധാനം എന്നിവ നടപ്പാക്കുന്നു. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ തലങ്ങളിൽ ഉള്ള ആശുപത്രികൾക്കായി പ്രത്യേക മാനദണ്ഡം തയ്യാറാക്കി. ഈ മാനദണ്ഡം അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ഈ ആശുപത്രികളിൽ നടപ്പാക്കുന്നത്. കേരളത്തിലെ 7 ആശുപത്രികൾക്ക് ഇതിനോടകം അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. മറ്റു തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ